AIM HIGH, TOGETHER WE FLY

# THE VILLAGE
INTERNATIONAL SCHOOL

"We Nurture Dreams"

| LANGUAGE-2<br>GRADE-IX | MT-2(2023-2024)<br>MALAYALAM | Max.Marks-20<br>Time-50min. |
|---|---|---|

| I | ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരി ഉത്തരം എഴുതുക | 5*1=5 |
|---|---|---|
| | പദ്യസാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യങ്ങൾ.പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായിക നായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറ്റൊരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീതി. വാല്മീകി രാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്ക് ദൂത് നൽകുന്നതും നള-ദമയന്തി കഥയിൽ ദൂതുമായി പോകുന്ന ഹംസവുമെല്ലാം സന്ദേശ കാവ്യത്തിന്റെ ആദ്യകാല മാതൃകകളാണ്. സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്ക് കടന്നുവന്ന ഒരു സാഹിത്യ പ്രസ്ഥാനമാണ് ഇത്. കാളിദാസന്റെ മേഘദൂതിന്റെ അനുകരണങ്ങളായിത്തന്നെയാണ് ഇവ ഭാഷയിൽ പ്രത്യക്ഷപ്പെട്ടത്. കഥാഘടനയിൽ വ്യത്യാസങ്ങൾ ഇല്ല. നായികാ നായകന്മാരും സന്ദേശ വാഹകരും വ്യത്യാസപ്പെടുന്നു എന്നുമാത്രം. പ്രണയ പരവശരായ സ്ത്രീപുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടി വരിക,വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനെയോ വ്യക്തിയെയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക,അങ്ങനെ ഇരുവരുടെയും ഉത്കണ്ഠയ്ക്ക് ശമനം വരുത്തുക-ഇതാണ് സന്ദേശകാവ്യങ്ങളുടെ മൗലിക ഘടന. നായകൻ,നായിക,സന്ദേശവാഹകൻ-ഇവരാണ് മുഖ്യ കഥാപാത്രങ്ങൾ. സന്ദേശകാവ്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്-പൂർവഭാഗവും ഉത്തരഭാഗവും.പൂർവ്വ ഭാഗത്ത് സന്ദേശം അയക്കാനുള്ള കാരണം,സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം, മാർഗ്ഗവിവരണം ഇവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥലവർണ്ണന,നായിക വർണ്ണന,സന്ദേശം ഇവയും ഉൾപ്പെടുന്നു. മന്ദാക്രാന്ത വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ളത്.സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ശൃംഗാരമാണ്.മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പ്രധാന സന്ദേശകാവ്യങ്ങൾ ഉണ്ണുനീലി സന്ദേശം,ചക്രവാക സന്ദേശം,മയൂര | |

| | | |
|---|---|---|
| | സന്ദേശം, ഭൃംഗസന്ദേശം,ഹംസ സന്ദേശം,കോകില സന്ദേശം,ഗരുഡ സന്ദേശം തുടങ്ങിയവയാണ് | |
| **1.** | സന്ദേശകാവ്യങ്ങൾ ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു<br>1. ഗദ്യ സാഹിത്യം 2. കഥാസാഹിത്യം 3. പദ്യ സാഹിത്യം 4.സഞ്ചാരസാഹിത്യം | |
| 2. | സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ഏത്<br>1. ശൃംഗാരം 2. കരുണം 3. ഹാസ്യം 4. വീരം | |
| **3.** | സന്ദേശകാവ്യങ്ങൾക്ക് പൊതുവായി എത്ര ഭാഗങ്ങളുണ്ട്<br>1. മൂന്ന് 2. നാല് 3. രണ്ട് 4. അഞ്ച് | |
| **4.** | സന്ദേശകാവ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്<br>1.ഉണ്ണുനീലി സന്ദേശം 2. ഹംസ സന്ദേശം 3. ഉണ്ണിയാടി ചരിതം 4. മയൂര സന്ദേശം | |
| **5.** | സന്ദേശകാവ്യങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം<br>1. നായിക,നായകൻ,വിദൂഷകൻ2. നായിക,നായകൻ,മന്ത്രി 3. നായിക,നായകൻ,സന്ദേശവാഹകൻ 4. രാജാവ്,രാജ്ഞി, വിദൂഷകൾ | |
| **II** | അർത്ഥം എഴുതുക | **2*1=2** |
| **6.** | അംശു<br>(ഇപ്രകാരം,കിരണം,തേന്മാവ്) | |
| **7.** | പ്രവാഹം<br>(ഒഴുക്ക്,വെളുപ്പ്,തിങ്ങിയ) | |
| **III** | നാനാർത്ഥം എഴുതുക | **2*1=2** |
| **8.** | മതി<br>(സൂര്യൻ,ചന്ദ്രൻ, ശത്രു ) | |
| **9.** | ബിന്ദു<br>(തുള്ളി, കണിശം,ചുവട് ) | |
| **IV** | വിപരീതപദം എഴുതുക | **2*1=2** |
| **10.** | തിരശ്ചീനം<br>(തെറ്റ്,ലംബം, മുതൽ) | |
| **11.** | സമൃദ്ധി<br>(ദാരിദ്ര്യം,രശ്മി,വിഫലം) | |

TVTS

| | | |
|---|---|---|
| **V** | ഉത്തരം എഴുതുക | **3*3=9** |
| **12.** | "സമൃദ്ധി മുറ്റീടും തോറും കുനിയുമെന്നറിവുറ്റാരനദ്ധ്യായം പഠിപ്പിച്ചത്തതിനെച്ചൂണ്ടി". 'സമൃദ്ധിമുറ്റീടും തോറും കുനിയുക'എന്ന പ്രയോഗത്തിന്റെ അർത്ഥതലം എന്ത് | |
| **13.** | വസന്തദേവൻ ആക്രോശത്തോടെ പ്രതികരിച്ചതിന് കാരണമെന്താവാം | |
| **14.** | വിക്ടോറിയ വെള്ളച്ചാട്ടത്തെ കുറിച്ച് കുറിപ്പ് എഴുതുക | |

TVIS